
ഇൻഫോ 19
WORK


ST.MICHAEL'SH.S.S PRAVITHANAM

# എഡിറ്റോറിയൽ



വികസനത്തിന്റെയും വളർച്ചയുടെയും വിജയാകാശത്തിലേക്ക് അനുദിനം പരന്നുയരുകയാണ് ഇന്ന് നമ്മുടെ സമൂഹം.ജീവിതരീതികൾക്കൊപ്പം വിദ്യാഭ്യാസ പദ്ധതികളിലും വികസനത്തിന്റെ ഉത്തമ സാക്ഷ്യങ്ങളായി മാറുകയാണ് ഇന്നു നമുക്കു സുപരിചിതമായ ഹൈടെക് വിദ്യാഭ്യാസ സമ്പ്രദായം.

വിവരസാങ്കേതികവിദ്യയുടെ സകലതലങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നേറുന്ന പാഠ്യപദ്ധതികൾ ഇന്നു നടപ്പാക്കപ്പെടുമ്പോൾ അതിലൂടെഉണ്ടാകുന്നനേട്ടങ്ങളുംഅനവധിയാണ്.
വിദ്യാഭ്യാസത്തിന്റെ അനന്ത സാധ്യതകൾ ഓരോ കുട്ടിക്കും മുൻപിൽ തുറന്നു വയ്ക്കാൻ ഹൈടെക്ക് വിദ്യാഭ്യാസ സമ്പ്രദായത്തിന് ഇന്നു സാധിക്കുന്നു.
ഈ അവസരത്തിലാണ് കുട്ടികളുടെ കലാവൈഭവങ്ങളെ കണ്ടെത്തികൊണ്ട് ഹൈടെക് വിദ്യാഭ്യാസത്തിന്റ പുതുസാധ്യതകളെക്കൂടി പ്രയോജനപ്പെടുത്തി കൊണ്ടുള്ള ഈ ഡിജിറ്റൽ മാഗസിന്റെ പ്രസക്തി.

ഈ സ്ക്കൂളിലെ കരുന്നുകളുടെ സർഗവാസനകളെ ഉണർത്തിക്കൊണ്ട് അവരുടെ കലാസൃഷ്ടികളുടെ ഒരു നിറസാന്നിദ്ധ്യമായി മാറുകയാണ്

**ഇൻഫോ'19** എന്ന ഈ ഡിജിറ്റൽ മാഗസിൻ . മനസ്സിന്റെ ഏതോ കോണിൽ ഉറങ്ങികിടന്ന തന്നിലെ കലാവൈവെഭവത്തെയും പ്രതിഭയെയും കണ്ടത്താൻ ഓരോ കുട്ടിയെയും വളരെയധികം സഹായിച്ചു.

എന്റെ കൂട്ടുകാരുടെ വിവിധ കലാസൃഷ്ടികൾ ഒത്തിണങ്ങിയ ഈ മാഗസിൻ ഏവർക്കും ഒരു പ്രചോദനമായി തീരട്ടെ .അറിവിന്റെ വിജയ സോപാനത്തിലേക്ക് പറന്നുയരാൻ ഏവർക്കും സാധിക്കട്ടെ. ഒരായിരം ഭാവുകങ്ങളും മംഗളങ്ങളും അതിലുപരി നന്മകളും നേർന്നുകൊണ്ട് സമർപ്പിക്കുകയാണ്

**ഉള്ളടക്കം**

എഡിറ്റോറിയൽ....3
എന്റെ സ്കൂൾ....7
അർച്ചന വിജയൻ....7
....7
ചരിത്രതാളുകളിലൂടെ സെന്റ് മൈക്കിൾസ്....9
ഹർഷ മോഹനൻ....9
പൊൻപുലരി....13
അഞ്ചു വിനോദ്....13
ഓർമയിലെ ദൈവത്തിന്റെ സ്വന്തം നാട്....15
ദേവീകൃഷ്ണ എസ്....15
ജീവിതത്തിലേക്ക് -എ.പി.ജെ പാഠങ്ങൾ....17
സ്റ്റെഫി ജോസഫ്....17
ഹൃദയം എന്ന ഇടം....19
എബിൻ മാത്യു....19
രസതന്ത്രം രസകരം....21
റോസ് മേരി ജോസഫ്....21
ഓർമ്മതൻ വിദ്യാലയം....23
മനു അഗസ്റ്റ്യൻ....23
പാലായുടെ പെരുമ....25
നിഖിത മാത്യൂസ്....25
ചിന്തിതം !....27
അതുൽ സി രാജ്....27
സ്നേഹം....30
എമിറ്റ സജി....30
വന്നു,കൊണ്ടു പോയി....32
വിസ്മയ സുധൻ....32
ചിരിക്കാം ചിന്തിക്കാം....34
പാർവതി റെജി....34
എൻ സഖി....35
നിഖിത മാത്യു....35
മണ്ണിന്റെ മക്കൾ....37
സാന്ദ്രാ സന്തോഷ്....37
ഒരുനാൾ വയനാട്ടിൽ....38
അശ്വതി കെ.എം....38

*ഇൻഫോ'19*

ആയുർവേദം....................................................................................................................................41
ജോയൽ ജോർജ്ജ്...........................................................................................................................41
എന്റെ മാവ്.....................................................................................................................................43
ദേവപ്രിയ ബി. നായർ.....................................................................................................................43
മുട്ടന്റെ ഇടി.....................................................................................................................................44
സുദേവ് രാജ്...................................................................................................................................44
നന്ദിയുടെ ഒരു വാക്ക്.........................................................................................................................46

# എന്റെ സ്കൂൾ



**അർച്ചന വിജയൻ**

അവിജ്ഞാനത്തിന്റെ നിഴലിൽ നിന്ന് വിജ്ഞാനത്തിന്റ പുതിയനീലാകാശത്തിലേക്ക് എന്നെ നയിച്ച എന്റെ സ്കൂൾ. എന്നെ ഞാനാക്കിയ എന്റെവിദ്യാലയം എനിക്കെന്നും മാഞ്ഞു പോകരുതെ എന്നു ഞാനാഗ്രഹിക്കുന്ന എന്റെസുന്ദര സ്വപ്നമാണ്. അഞ്ചാം ക്ലാസ്സു മുതൽ ഞാനിവിടെ പഠിക്കുന്നുവെങ്കിലും ഓരോ ദിവസവും എനിക്കു പുതുമയും പുതിയ പാഠങ്ങളുമായിരുന്നു.

മനോഹരമായ ഉദ്യാനവും ശാന്തസുന്ദരമായ അന്തരീക്ഷവും എന്റെസ്കൂളിന്റെ മാറ്റ് കൂട്ടുന്നു.എന്നും പുഞ്ചരിതൂകി ക്ലാസ്സിലേക്ക് കടന്നു വരുന്ന അധ്യാപകർ വാത്സല്യ നിറകുടങ്ങളാണ്.അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾഎന്നും നേട്ടങ്ങൾ കൈപ്പിടിയിലൊതുക്കാൻ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. സന്തോഷങ്ങൾ പകരുന്ന ഒരു പിടി സൗഹൃങ്ങൾ കൂടി സമ്മാനിക്കാൻഎന്റെ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട് . എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാത്ത ഒരുപാട് ഓർമകൾ തന്ന എന്റെ വിദ്യാലയത്തെ ഞാൻ ഒത്തിരിഒത്തിരി സ്നേഹിക്കുന്നു. എന്നും ഈ വിദ്യാലയത്തിന്റെ ഭാഗമായിരിക്കാൻ

ഞാൻ ആഗ്രഹിക്കുന്നു.



# ചരിത്രതാളുകളിലൂടെ സെന്റ് മൈക്കിൾസ്

ഹർഷ മോഹനൻ

പ്രവിത്താനത്തിന്റെ പ്രകാശഗോപുരമായി, തലമുറകളുടെ വിളക്കുമരമായി പ്രശോഭിക്കുന്ന സെന്റ് മൈക്കിൾസ് ഹൈസ്കൂളിന്റെ സംഭവബഹുലമായ ചരിത്രത്തിലേയ്ക്ക് നമുക്ക് കടന്നുചെല്ലാം. ഈ വിദ്യാലയത്തിന്റെ വളർച്ചയും വികാസവും ഈ നാട്ടുകാരുടെ ഭാഗധേയവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.ഒരർത്ഥത്തിൽ ഈ സ്കൂളിന്റെ ചരിത്രം ഈ നാടിന്റെ ചരിത്രം തന്നെയാണ്.

രണ്ട് കളരികളായിട്ടായിരുന്നു പ്രവിത്താനം സെന്റെ മൈക്കിൾസ് സ്കൂളിന്റെ തുടക്കം. ഒരു കളരിയിൽ അക്ഷരമാലയും പ്രർത്ഥനയും പഠിപ്പിച്ചിരുന്നപോൾ മറ്റേ കളരിയിൽ സിദ്ധരൂപം, അമരകോശം തുടങ്ങിയ ഉപരിപാഠങ്ങൾ അഭ്യസിപ്പിച്ചിരുന്നു. പിന്നീട് ചങ്ങനാശ്ശേരിക്കാരൻ കുട്ടംപേരുർ ജോസഫ് സാർ ഒരു ഇംഗ്ലീഷ് പ്രൈവറ്റ് സ്കൂൾ സ്ഥാപിച്ച് ഏതാനും വർഷങ്ങൾ വിദ്യ അഭ്യസിപ്പിച്ചു.

കോട്ടയം വിദ്യാഭ്യാസ ഡിവിഷന്റെ മേധാവിയായിരുന്ന റാവു സാഹിബ് ഒ. എം. ചെറിയാന്റെ പ്രരണയും പ്രോത്സഹനവും നിമിത്തം 1919- ൽ പ്രവിത്താനം പള്ളിവകയായി സെന്റ്

അഗസ്റ്റിൻ മലയാളം സ്കൂൾ സ്ഥാപിതമായി. പ്രവിത്താനം അസി. വികാരിയായി ചാർജെടുത്ത റവ. ഫാ. മാത്യു ചിറയിലിന്റെ സമർത്ഥമായ നേതൃത്വമാണ് ഈ വിദ്യാലയസ്ഥാപനത്തിന്റെ പിന്നിലുണ്ടായിരുന്നത്. ബ. ചന്ദ്രൻകുന്നേൽ വർക്കിച്ചനായിരുന്നു സ്കൂൾ മാനേജർ. പ്രഥമ ഹെഡ്മാസ്റ്ററാകട്ടെ യശഃശരീരനായ ശ്രീ. എം. കൃഷ്ണൻനായരും. നമ്മുടെ സ്കൂൾ ഒരു പൂർണ്ണ Vernacular higher grade school ആയപ്പോൾ പ്രഥമാദ്ധ്യാപകനായത് സുപ്രസിദ്ധ വാഗ്മിയും നിയമസഭാംഗവുമായിരുന്ന എ. സി. കുര്യാക്കോസ് സാറായിരുന്നു. സ്കൂളിന് ബാലാരിഷ്ടതകൾ അതിജീവിക്കുവാൻ നാട്ടുകാരോടൊപ്പം ചങ്ങനാശ്ശേരി രൂപതാ അദ്ധ്യക്ഷൻ മാർ തോമസ് കുര്യാളശ്ശേരി നൽകിയ പ്രോത്സാഹനങ്ങളും പ്രത്യേകം സ്മരണീയമാണ്. പന്നീട് 1928 ജൂൺ 22-ന് ഒരു ഇഗ്ളീഷ് മിഡിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. അങ്ങനെ രൂപമെടുത്ത Preparatury Class - ൽ 21 കുട്ടികളാണുണ്ടായിരുന്നത്. അതിനുശേഷം ശ്രീ. റ്റി. എം. തോമസ് ഹെഡ്മാസ്റ്ററായിരുന്ന കാലത്ത് ബ. കരുവേലിൽ അച്ചന്റെ നേതൃത്വത്തിൽ മനോഹരമായ ഒരു ഇരുനിലകെട്ടിടം പൂർത്തിയാക്കി സ്കൂൾ അങ്ങോട്ടുമാറ്റി. ഇക്കാലത്ത് Most Rev. Dr. Mathew Kavukattu സ്കൂളിന് നൽകിയ സേവനം നന്ദിയോടെ സ്മരിക്കുന്നു. തുടർന്ന് ശ്രീ. ജയിംസ് കണ്ടത്തിൽ പ്രഥമാദ്ധ്യാപകനായി. അദ്ദേഹത്തിൽനിന്നും സ്കൂളിന്റെ ഭരണസാരഥ്യം ഏറ്റെടുത്തത് സാഹത്യലോകത്ത് പ്രശസ്തനായ എബ്രാഹം

വടക്കേലച്ചനായിരുന്നു. ബ. വടക്കേലച്ചനോടൊപ്പം സ്റ്റാഫിലുണ്ടായിരുന്ന മഹാകവി പ്രവിത്താനം ദേവസ്യ ഈ സ്കൂളിന്റെ അഭിമാനഭാജനമായിരുന്നു. അഞ്ചുമഹാകാവ്യങ്ങൾ സാഹിത്യലോകത്തിന് സമ്മാനിച്ച അദ്ദേഹത്തോടൊപ്പം ഈ വിദ്യാലയവും പ്രശസ്തിയുടെ പടവുകൾ കയറി.

പിന്നീട് ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തത് റവ. ഫാ. സി. റ്റി. കൊട്ടാരമാണ്. ബ. കൊട്ടാരത്തിലച്ചന്റെ നേതൃത്വം സ്കൂളിന്റെ അത്ഭുതപൂർവ്വമായ വളർച്ചയ്ക്ക് വഴിയൊരുക്കി. 6-6-1946 ൽ നമ്മുടെ സ്കൂൾ ഹൈസ്കൂളായി ഉയർത്തി. തുടർന്ന് അദ്ധ്യായന മാധ്യമം ഇംഗ്ളീഷിൽ നിന്ന് മലയാളത്തിലേക്ക് മാറ്റുകയും ചെയ്തു.

സ്കൂളിന്റെ ആദ്യബാച്ചിൽ നിന്നും S S L C പരിക്ഷയിക്ക് ഫസ്റ്റ്റാങ്ക് ലഭിക്കുകയുണ്ടായി. 1947 ൽ പ്രവിത്താനം സ്കൂളിൽ പബ്ളിക്ക് പരീക്ഷ നടത്താൻ അനുവാദമായി. പിൽക്കാലത്ത് ഹെഡ്മാസ്റ്റർമാരായ എല്ലാവരും സ്കൂളിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുവാൻ അങ്ങേയറ്റം പരിശ്രിമിച്ചിരുന്നു. വിദ്യയുടെ കരുത്തും സംസ്കാരത്തിന്റെ തനിമയും തലമുറയ്ക്ക് കൈമാറുന്ന ഈ സരസ്വതീക്ഷേത്രത്തിന്റെ വളർച്ചയിലെ നാഴികക്കല്ലാണ് 2014 ൽ പ്രവർത്തനം ആരംഭിച്ച H S S വിഭാഗം. 12 അദ്ധ്യാപകരും 2 അനദ്ധ്യാപകരും പ്രിൻസിപ്പൽ ശ്രീ. സണ്ണി ജോസഫ് സാറിന്റെ നേതൃത്വത്തിൽ

ആത്മാർത്ഥമായി പ്രവർത്തിച്ചുവരുന്നു. Commerce, Science വിഭാഗങ്ങളിലായി 224 കുട്ടികൾ ഇവിടെ നിന്നും തുടർ പഠനത്തിന്റെ സാധ്യതകൾ കരസ്ഥമാക്കികൊണ്ടിരിക്കുന്നു.അഖിലേന്ത്യ പ്രശസ്തനായ വിദ്യാഭ്യാസപ്രവർത്തകനും മാതൃകാദ്ധ്യാപകനുമായ Rev. Dr. സി. റ്റി. കൊട്ടാരം , ശ്രീ. പ്രവിത്താനം ദേവസ്യ, ശ്രീ. തോമസ് പാല തുടങ്ങിയ മഹാരഥൻമാരായ അദ്ധ്യാപകശ്രേഷ്ഠരുടെ പിൻഗാമിയായി കേരള സാഹിത്യഅക്കാദമിയുടെ അവാർഡ് ജേതാവായ ബ. തോമസ് വടക്കേലച്ചനും ഈ സ്കൂളിന്റെ മാനേജരായി സേവനമനുഷ്ഠിച്ചിരുന്നു എന്നതും ശ്രദ്ധേയമാണ്. നാടിനും നാട്ടുകാർക്കും അഭിമാനമായും അഭ്യുദയപ്രേരകങ്ങളുമായി പരിലസിക്കുന്ന ഈ വിദ്യാപീഠം ഉന്നതിയിലേക്കുള്ള പടവുകൾ പിന്നിട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി. ടീസാ ഇഗ്നേഷ്യസ് സ്കൂളിന്റെ പുരോഗതിക്കായി അക്ഷീണം പരിശ്രമിച്ചുവരുന്നു.

ബ. കുരുവേലിലച്ചന്റെ പിൻഗാമികളായി വന്ന എല്ലാ മാനേജർമാരും ഈ സ്കൂളിന്റെ പുരോഗതിക്കുവേണ്ടി അർപ്പിച്ചിട്ടുള്ള സേവനങ്ങൾ നന്ദിയോടെ ഓർമിക്കും. ഇപ്പോൾ മാനേജർ സ്ഥാനം വഹിക്കുന്ന റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽ സ്കൂളിന്റെ പരോഗതിക്കായി ആത്മാർത്ഥമായി സഹകരിക്കുന്നു.

# പൊൻപുലരി

അഞ്ചു വിനോദ്

അറിവിൻെറ ആദ്യപാഠമോദിത്തന്ന
അമ്മയാമെന്നുടെ വിദ്യാപീഠമേ
മുദമോടുള്ളിൽ തുടികൊടീടിന
വിജ്ഞാനമിചി തരംഗങ്ങളുമായ്
എന്നാത്മാവിൽ രാഗതാളലയങ്ങളാ-
 ലേകുന്നമ്മയ്ക്കായിരം പ്രണാമങ്ങൾ
ഇന്നു പ്രൗഢയായറെ[1] മാനസെ ശോഭിക്കെ
ക്രുപ്പുകൈകളുമായാഴ്ന്നുനില്പൂ ഞാൻ
നാടിനു ദീപമായ് സംസ്കാരത്തിന്ന-
ടിസ്ഥാനമായ്  നന്മതൻ മുത്തേ
വിജ്ഞാനമേകിയ ക്ലാസ്സ്മുറികളു-
മോടിക്കളിച്ചൊരങ്കണവുമെത്ര ശോഭിതം
ഞാനും വളർന്നെന്നുടെയൊപ്പമെൻ
വിദ്യാലയവുമിന്നഭിമാനപൂരിതമായ്
നീയെനിക്കേകിയ നന്മകൾ മൂല്യങ്ങൾ
ബോദ്ധ്യങ്ങൾ വലുതാക്കിയ കൃതികളെല്ലാം

---

1 പ്രൗഢിയോടുകൂടി

അമ്മയ്ക്കുപഹാരമായിന്നു തിരുമുൻപിൽ
എന്തു നൽകണമെന്ന ചിന്തയാലുഴലവെ
എന്നാത്മാവിന്നൊരു ഹിരകണവു-
മായണയൂ പൊൻപുലരിനീയിന്ന്
എത്രവളർന്നാലും മകളന്നതൻ മുമ്പി-
ലെപ്പോഴും കുഞ്ഞല്ലോ രാജിപ്പൂ.[2]

2 ശോഭിച്ചു നിൽക്കുക

# ഓർമയിലെ ദൈവത്തിന്റെ സ്വന്തം നാട്

**ദേവീകൃഷ്ണ എസ്**

ഏതു രാജ്യക്കാരനും എന്നും വരാൻ കൊതിച്ച നാടാണ് കേരളം.കേരളത്തിന്റെ അത്യപൂർവമായ സൗന്ദര്യത്തിൽ ആകൃഷ്ടരാവാത്ത സഞ്ചാരികൾ വിരളമാണ്.പച്ചപ്പിന്റെ മൂടുപടത്തിനുള്ളിൽ ഗ്രാമ വിശുദ്ധിയും നാടൻ തനിമയും സൂക്ഷിച്ചു വച്ചുന്ന കേരളത്തെ ഏവരും എന്നും ഇഷ്ടപ്പെട്ടിരുന്നു.

കളകളം പാടി നിറഞ്ഞൊഴുകുന്ന പുഴകളും മന്ദമാരുതൻ തഴുകി ഉണർത്തുന്ന ഗ്രാമ വീഥികളും പച്ചപുതപ്പണിഞ്ഞ വയലേലകളും സംസ്കാരസമ്പന്നതയും കേരളത്തിന്റെ മാറ്റു കൂട്ടിക്കൊണ്ടിരുന്നു.ദൈവത്തിന്റെ സ്വന്തം നാട്എന്ന വിശേഷത്തെ അന്വർത്തമാക്കാൻ ഒരു കാലത്ത് കേരളത്തിന് കഴിയുമായിരുന്നു.

എന്നാൽ ഇന്നോ, മലിനമാക്കപ്പെട്ട പ്രകൃതിയും സംസ്കാര ശൂന്യതയും ആണ് കേരളത്തിന്റെ സമ്പത്ത് അല്ലെങ്കിൽ മുഖമുദ്ര എന്ന സത്യം ഏവരെയും ലജ്ജിപ്പിക്കുന്നു.വികസനത്തിന്റെ പേരിനു മറവിൽ തകർന്നടിയുന്നപ്രകൃതിയുടെ നൊമ്പരം കണ്ടിട്ടും കണ്ടുട്ടില്ലെന്നു നടിക്കുന്ന പണത്തിനും സുഖഭോഗങ്ങൾക്കും പിന്നാലെ പായുന്ന സാർത്ഥരായ മനുഷ്യ സമൂഹത്തിന്റെകൈകൾക്കുള്ളിൽ

പിടഞ്ഞില്ലാതാവാൻ ദൈവത്തിന്റെ സ്വന്തം നാട് വിധിക്കപ്പെട്ടിരിക്കുന്നു.

ഇനിയുള്ള അവസരം ഓരോ കേരളിയന്റേതുമാണ്.

വികസനം എന്നും അനിവാര്യമാണ്.എന്നാൽ അതൊരിക്കലും സ്വന്തം നാടിനെകൊന്നു കൊണ്ടാവരുത്.ലോകത്തിനു മുൻപിൽ മികവുറ്റ വികസനത്തിന്റെ ഉദാഹരണങ്ങളായി തിളങ്ങുമ്പോഴും ഒരിക്കലും കാണാതെ പോകരുത് നമ്മുടെ ജന്മനാടിനെ. നമുക്കു കൈകോർക്കാം ,നമ്മുടെ നാടിനു വേണ്ടി,ഒരിക്കൽകൂടി ദൈവത്തിന്റെ സ്വന്തം നാടിനെ ,നമ്മുടെ കേരളത്തെ പഴയ പ്രൗഢിയോടുംസൗന്ദര്യത്തോടും കൂടി ഈ ലോകത്തിനു സമ്മാനിക്കാൻ.ഓർമകളിലെ ആ കേരളം വീണ്ടും സുന്ദരമാകട്ടെ.



# ജീവിതത്തിലേക്ക് -എ.പി.ജെ പാഠങ്ങൾ

സ്റ്റെഫി ജോസഫ്

"കാലി പോക്കറ്റ് നിങ്ങളെ ജീവിതത്തിൽ
ഒരുപാടു കാര്യങ്ങൾ പഠിപ്പിച്ചു തരും,എന്നാൽ
നിറഞ്ഞ പോക്കറ്റ് ,നിങ്ങളെ അനവധി രീതിയിൽ
നശിപ്പിച്ചു തരും."

"മുന്തിരികൾ ഞെക്കി പിഴിയാതെ വൈൻ ഉണ്ടാക്കാൻ
സാധ്യമല്ല.പൂക്കളെ ഞെരുക്കാതെ പെർഫ്യൂം ഉണ്ടാക്കാൻ
സാധ്യമല്ല.അതുകൊണ്ട് ജീവിതത്തിൽ സമ്മർദ്ധങ്ങൾ
ഉണ്ടാകുമ്പോൾ ഭയപ്പെടാതിരിക്കുക, കാരണം അത്
നിങ്ങളിലെ ഏറ്റവും നല്ലതിനെ പുറത്ത് കൊണ്ടുവരും."

"നിങ്ങൾക്ക് നിങ്ങളുടെ ഭാവിയെ മാറ്റാൻ സാധിക്കില്ല.
പക്ഷെ നിങ്ങളുടെ ശീലങ്ങളെ മാറ്റാൻ സാധിക്കും.
തീർച്ചയായും ആ ശീലങ്ങൾ നിങ്ങളുടെ
ഭാവിയെയും നിർണ്ണയിക്കും."

"നിങ്ങളുടെ പിന്നിൽ നിന്നുകൊണ്ട് നിങ്ങളെ കുറിച്ച് കുറ്റം
പറയുന്നവരെ ശ്രദ്ധിക്കേണ്ട ,അവരെ വിട്ടേക്കുക.
കാരണം,ശരിക്കും പറഞ്ഞാൽ അവർ നിങ്ങളേക്കാൾ
രണ്ടടി പുറകിലാണ്,അതുകൊണ്ടാണ് അവർക്ക്

നിങ്ങളുടെ പിന്നിൽ നിന്നുകൊണ്ട് കുറ്റം പറയേണ്ടി വരുന്നത്."

"നിങ്ങളുടെ കണ്ണീരിന്റെ വില മനസിലാക്കാത്തവർക്കുവേണ്ടി ഒരിക്കലും ഒരു കാരണവശാലും കരഞ്ഞു പോകരുത്."

"ഓരോ തിരിച്ചടിയും ഓരോ ഉത്തേജനമാവണം
വലിയ തിരിച്ചു വരവിനുള്ള ഉത്തേജനം."[3]

"ഒരു രാഷ്ട്രത്തിലെ നല്ല തലച്ചോറുകൾ
ഒരു പക്ഷേ ക്ലാസ്മുറികളുടെ അവസാന
ബഞ്ചുകളിലായിരിക്കും".

"ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം
നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ്
യഥാർത്ഥ സ്വപ്നം."

"സ്നേഹത്താൽ നിറഞ്ഞ ഒരു ഹൃദയവും മറ്റുള്ളവരെ കേൾക്കാൻ തയ്യാറുള്ള ഒരു ചെവിയും മറ്റുള്ളവരെ സഹായിക്കാൻ തയ്യാറുള്ള ഒരു കൈയ്യുമാണ് ഒരു വ്യക്തിയുടെ ഏറ്റവും ഉപകാരപ്രദമായ ആസ്തികൾ അല്ലാതെ അറിവ് നിറഞ്ഞ ശിരസ്സല്ല."

---

3 പ്രചോദനം

# ഹൃദയം എന്ന ഇടം




## എബിൻ മാത്യു

പണ്ടു പണ്ടു ഒരു രാജഭരണകാലത്ത് അവരുടെ നാട്ടിൽ ഭീരു എന്ന ധീരനുണ്ടായിരുന്നു. അവനായിരുന്നു ആ രാജ്യത്തിന്റെ പടയാളികളുടെ യുദ്ധപരിശീലകൻ. എന്നാൽ ഇപ്പോൾ രാജ്യം ഭരിക്കുന്ന രാജാവിന്റെ കാല ശേഷം രാജ്യം ഭരിക്കാൻ രാജാവിന് ഒരു ആൺ കുട്ടിയില്ല........പകരം പെൺ കുട്ടി ഉണ്ട്. ഒരു ദിവസം രാജാവ് ഒരു കല്പന പുറപ്പെടുവിച്ചു."ആരാണീ നാട്ടിലെ ധീരനായ, ബുദ്ധിമാനായ യുവാവ് അവന് ഞാനെന്റെമകളെ വിവാഹം ചെയ്തു കൊടുക്കും". അതിനു വേണ്ടി രാജാവ് ഒരു മത്സരംഏർപ്പെടുത്തി. ഈ വാർത്ത ഭീരുവിന്റെയും കാതിൽ എത്തി. എന്നാൽ അവന് ഇതിൽ താല്പര്യം ഇല്ലായിരുന്നു. പക്ഷെ അവന്റെ കൂട്ടുകാർ അവനെ സമ്മതിപ്പിച്ച് മത്സരത്തിൽ പങ്കെടിപ്പിച്ചു. അങ്ങനെ ആ ദിവസം വന്നു.മത്സരാർത്ഥികളെല്ലാം നിരന്നു. അതിന്റെ കൂടെ നമ്മുടെ ഭീരുവും എല്ലാ മത്സരാർത്ഥികളും വലിയ കുടുബങ്ങളിലുള്ളവരായിരുന്നു. എന്നാൽ ഭീരുമാത്രം താഴ്ന്ന കുടുബത്തിലേത്. അതുകൊണ്ട് കൂടെയുള്ള മത്സരാർത്ഥികൾ

അവനെ അഹങ്കാരത്തോടെ നോക്കി. രാജാവ് മത്സരാർത്ഥികളെ കാണാൻഎത്തി. എല്ലാവർക്കും ആശംസകൾ നൽകിയ ശേഷം മത്സരത്തിന്റെ
ചട്ടങ്ങൾ പറഞ്ഞു. ആ മത്സരത്തിന്റെ രീതി ഇതായിരുന്നു. ആ രാജ്യത്തിനുള്ളിൽതന്നെ സ്നേഹിക്കാൻ പറ്റിയ ഒരിടം കണ്ടു പിടിക്കാൻ പറഞ്ഞു. നിബന്ധനകൾ
പറഞ്ഞശേഷം മത്സരം ആരംഭിക്കാനുള്ള കാഹളം മുഴങ്ങി. അപ്പോൾ ഏല്ലാവരുംതന്റെ കുതിരയും എടുത്തു കൊണ്ട് സ്ഥലം തിരയാൻ പോയി. എന്നാൽ ബുദ്ധിമാനായ ഭീരു മാത്രം അവിടെ നിന്നു. അതുകണ്ട രാജാവ്അവനോട് ചോദിച്ചു "എന്താ നീ എങ്ങോട്ടും പോകാത്തത്?"ഭീരു പറഞ്ഞു
" രാജാവെ ഞാനായിടം കണ്ടെത്തി".രാജാവ് ചോദിച്ചു "അത് എവിടെയാണ്"?ഭീരു മറുപടി നൽകി " നാം ഒരാളെ സ്നേഹക്കണമെങ്കിൽ അതിന് ഹൃദയംവേണം . അതാണ് ആയിടം. ഹൃദയമാണ് സ്നേഹിക്കാനുള്ള ഇടം". അതു കേട്ടപ്പോൾ രാജാവിനു സന്തോഷമായി.അദ്ദേഹം പറഞ്ഞു "നീയാണു ഈ മത്സരത്തിലെ മിടുക്കനായ വിജയി". അങ്ങനെ വിജയിയായ ഭീരുവിന് രാജാവ്തന്റെ ഏക മകൾ മിത്രയെ വിവാഹം ചെയ്തു കൊടുത്തു.

നാളുകൾക്കു ശേഷം മുൻ രാജാവ് ഈ ലോകത്തിൽ നിന്നും വിടവാങ്ങി. അന്ന് മുതൽ ഭീരു രാജാവായി ആ നാടു ഭരിച്ചു..

# രസതന്ത്രം രസകരം

റോസ് മേരി ജോസഫ്

പദാർത്ഥങ്ങളെയും അവയ്ക്കുണ്ടാകുന്ന മാറ്റങ്ങളെയും കുറിച്ചുള്ള പഠനമാണ് രസതന്ത്രം. പ്രാചീന മനുഷ്യൻ തീ കണ്ടു പിടിച്ചതും ,ചെമ്പു പാത്രങ്ങൾ കണ്ടു പിടിച്ചതും എല്ലാം രസതന്ത്ര ചരിത്രത്തിലെ ആദ്യ സംഭവങ്ങൾ ആണ്. അനുദിന ജീവിതത്തെ നിരീക്ഷിച്ചാൽ രസതന്ത്രത്തിന്റെ വ്യാപകമായ സ്വാധീനം നമുക്ക വ്യക്തമാകും.

വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്ന പല വസ്തുക്കളും രാസപ്രവർത്തനങ്ങൾ വഴി നിർമ്മിക്കപ്പെടുന്നവയാണ്. ഹരിതവിപ്ലവത്തിലൂടെ രസതന്ത്രത്തിന്റെ സ്വാധീനം വർദ്ധിച്ചു. രാസവളങ്ങളും കീടനാശിനികളുംരസതന്ത്രത്തിന്റെസന്തതികളാണ്ഔഷധങ്ങൾ ഏറെയും രസതന്ത്രത്തിന്റെ സംഭാവനകളാണ്.

രസതന്ത്രത്തിന്റെ നേട്ടങ്ങളെയും ഈ ശാസ്ത്രശാഖ മനുഷ്യകുലത്തിന്റെ നന്മയ്ക്കുനൽകിയ നിസ്തുല സംഭാവനകളേയും അടിസ്ഥാനമാക്കി രസതന്ത്ര ലോകത്തെ അന്താരാഷ്ട്ര സംഘടനകൾ ചേർന്ന് 2011 -ൽ അന്താരാഷ്ട്ര രസതന്ത്ര വർഷമായും ആചരിച്ചു.

ഭാവിയിലെ രസതന്ത്രശാസ്ത്രജ്ഞന്മാരുടെ പ്രവർത്തനം പ്രധാനമായും രണ്ട് മേഖലകളിലായിരിക്കും.

രാസവസ്തുക്കൾ നിർമ്മിക്കുക. മലിനീകരണം ഉയർത്തുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുക.

വിഷരഹിതമായ ക്യാൻസർ മരുന്നുകൾ വൈറസ് രോഗങ്ങൾക്കുള്ള മരുന്നുകൾ തുടങ്ങിയവയും ഓസോൺ പാളിയുടെ നശീകരണത്തിന് കാരണമായ സി എഫ് സി യുടെ അളവ് കുറയ്ക്കുന്ന നൂതന കണ്ടുപിടുത്തങ്ങൾ യുവശാസ്ത്രജ്ഞരുടെ പരീക്ഷണശാലകളിൽ ഉരുത്തിരിയുന്നു.

ചുരുക്കത്തിൽ നാളത്തെ രസതന്ത്രജ്ഞർ രൂപം നല്കുന്ന പുതിയ രാസവസ്തുക്കൾ[4] പ്രകൃതിക്ക് ഉണ്ടാക്കുന്ന ആഘാതത്തിന് പരിഹാരമാകുമെന്ന് വിശ്വസിക്കാം.



4 രാസപ്രവർത്തനത്തിലൂടെ ഉല്പാദിപ്പിക്കുന്നത്

# ഓർമ്മതൻ വിദ്യാലയം

**മനു അഗസ്റ്റ്യൻ**

അലയും തിരയും കാറ്റും ഓളവും സന്തോഷങ്ങളും ഒന്നിനുമീതേ ഒന്നായി പരിണമിക്കുന്ന ജീവിത വഴിത്താരെ ..........ആടിയും പാടിയും ആർത്തുല്ലസിക്കുമ്പോഴുംഏവരും കൊതിച്ചുപോകുന്ന ഒരു കാലമുണ്ട്. കൊച്ചു കൊച്ചു പിണക്കങ്ങളും സന്തോഷങ്ങളും കുസൃതികളുമായി കഴിഞ്ഞ ഒരു കാലം. മറവി വന്ന് മനസ്സിനെ കീഴടക്കിയാലും മറക്കാത്ത നമ്മുടെ വിദ്യാലത്തിന്റെ ഒർമകളുമായി ഒരു പടിയിറക്കം.

6 വർഷങ്ങൾക്കു ശേഷം സെന്റ് മൈക്കിൾസിന്റെ പടിയിറങ്ങുകയാണ്..................
ഇനിയൊരിക്കിലും ആവർത്തിക്കാത്ത ആവർത്തനങ്ങൾ ഇല്ലാത്ത നിമഷങ്ങൾ ..................
എല്ലാം കഴിഞ്ഞ് പടിയിറങ്ങുമ്പോൾ ചെറിയ രോദനങ്ങൾ ഉള്ളിലൊതുക്കി ചരിച്ചുകൊണ്ട് യാത്ര പറയുന്ന കൂട്ടുകാരെ കാണുന്നുണ്ട്.

ഈ 6 വർഷങ്ങൾ പ്രയോജനപ്പെട്ടുത്തിയോ.............. എന്ന ചോദ്യത്തിന് ഉത്തരമില്ല. പക്ഷേ ഇവിടുത്തെ ദിനങ്ങൾ ഒത്തിരി കാര്യങ്ങൾ പഠിപ്പിച്ചു. സൗഹൃദത്തിന്റെ വിലയും കൂട്ടുകാർ നൽകുന്ന പിന്തുണയും എന്നെ പഠിപ്പിച്ചത് ഈ

കലാലയമാണ്. ഒരു കുട്ടുകുടുംബം പോലെ സന്തോഷങ്ങൾക്കും, ദു:ഖങ്ങൾക്കും, പ്രതിഷേധങ്ങൾക്കും, പരിഭവങ്ങൾക്കും എന്റെ ക്ലാസ്സ് മുറിയുടെ പങ്ക് എടുത്തു പറയേണ്ടതാണ്.ഒരു പൂന്തോട്ടത്തിൽ വിരിഞ്ഞ കുറേ പൂക്കൾ തങ്ങളായിരിക്കുന്ന പൂവാടിയിൽ ചുറ്റുമുള്ളവർക്ക് കണ്ണിനും, മനസ്സിനും, കുളിർമയും,[5] ആശ്വാസവുമേകി വിരാജിച്ച നാനാവർണ്ണ കുസുമങ്ങൾ ഇളയമൊട്ടുകൾക്ക് ആവേശവും പ്രചോദനവുമായി മറ്റ് ആരാമങ്ങളിലേക്കു പറിച്ചു മാറ്റപ്പെടുന്നു. പുതിയ പൂക്കൾ വിരിയാൻ സമയമായിരിക്കുന്നു.

ഇനി പടികൾ ഇറങ്ങുമ്പോൾ ഞങ്ങളെ ഞങ്ങളാക്കിയ ഗുരുക്കൻമാർക്ക് പ്രണാമം.............

അറിഞ്ഞോ അറിയാതയോ ചയ്തുപോയ തെറ്റുകൾക്ക് ക്ഷമ ചോതിക്കുന്നു.

പടിയിറങ്ങുമ്പോൾ പറയാൻ ഒന്നു മാത്രം........................

മറക്കില്ല എന്റെ വിദ്യാലയത്തെ................................

5 സന്തോഷം

# പാലായുടെ പെരുമ

## നിഖിത മാത്യൂസ്

നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന മണ്ണാണ് പാലായുടേത്.എത്രയോ വർഷങ്ങളായി നമ്മുടെ മജ്ജയിലും മാംസത്തിലും രക്തത്തിലും ധമനിയിലുമൊക്കെ അടിഞ്ഞുകൂടി-ക്കിടന്നിരുന്ന അധർമ്മത്തിൻെറയും അസത്യത്തിൻെറയും തിന്മയുടെയും നിർമ്മമതയുടെയുമൊക്കെ വേലിക്കെട്ടുകളെ നീക്കിക്കളയണമെന്നാഹ്വാനം മുഴക്കിയ മഹാ-രഥന്മാരായ കവികൾക്കും സാഹിത്യകാരന്മാർക്കും സാംസ്കാരികനവോത്ഥാനനായനയകന്മാർക്കും ജന്മംകൊടുത്ത നാടാണ് പാലാ. വർണ്ണവ്യവസ്ഥയിലധിഷ്ഠിതമോ,മതപരമോ ആയഅധീശ വരേണ്യതകളുടെ നിർവ്വാഹകത്വം സൃഷ്ടിക്കുന്ന വ്യവസ്ഥാപിത സാമൂഹിക ക്രമത്തിനപ്പുറത്ത് ,മാനവികവും ജനായത്തപരവുമായ വ്യതിരിക്തതകളാണ് പാലായുടെ സാംസ്കാരികമണ്ഡലങ്ങളെ മഹത്ത്വവൽകരിക്കുന്നത്.പാലാ എന്ന പേരിൽ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്ഥ അഭി-പ്രായങ്ങൾ നിലവിലുണ്ട്. സംഘകാലത്ത് ഭൂപ്രദ്ദേശങ്ങളെ അഞ്ച് വ്യത്യസ്ത തനിക-ളായി വേർതിരിച്ചിരുന്നു.കുറിഞ്ചി,മുല്ലൈ,പാലൈ,നെയ്തൽ,മരുതം എന്നിവയായിരുന്നു അവ.പാലൈ എന്ന വഭാഗത്തിൽപ്പെട്ട സ്ഥലമായതിനാലാണ് പാലാ എന്ന പേരുണ്ടായതെന്ന് ചിലർ അഭിപ്രായപെടുന്നു.ഔദ്യോഗിക രേഖകളിൽ പാലാ എന്നത് Palai എന്നാണ് കാണുന്നത്.മറ്റൊരുവാദം പാല മരങ്ങൾ ധാരാളം ഉണ്ടായിരുന്നതിനാൽ പാലാ എന്ന പേരുണ്ടായി

എന്നാണ്.നാട്ടുവാഴിയായിരുന്നമീനച്ചിൽ കർത്താവിൻെറ സൈന്യം പാലയമടിച്ച സ്ഥലമാണ് പാലാ എന്നവകാശ-പ്പെടുന്നവരുമുണ്ട്.

പാലാ തലസ്ഥാനമാക്കി മീനച്ചിൽ- ഞാവക്കാട് കർത്താക്കന്മാരാണ് നാട് ഭരിച്ചിരുന്നത്.മധുരയിൽ നിന്നും കുടിയേറിപ്പാർത്തവരാണ് മീനച്ചിൽ കർത്തക്കന്മാരുടെ മുൻതലമുറയിൽപ്പെട്ടവർ.അവർ തങ്ങളുടെ കുലദേവതയായി മധുരമീനാക്ഷിയുടെ നാമത്തിൽ ഒരു ക്ഷേത്രം സ്ഥാപിച്ചു.മീനാക്ഷി ക്ഷത്രത്തിൻെറനാമധേയത്തിൽ നിന്നുമാണ് മീനച്ചിൽ താലൂക്കിനും കാലാന്തരത്തിൽ[6] ഈ പേരു ലഭിച്ചു.

പകരം വയ്ക്കാനാവാതെ മാറിനൊപ്പം അന്നും ഇന്നും വളർന്നുക്കൊണ്ടിരി-ക്കുന്ന പാലാ നഗരം പാലാക്കാരൻ എന്നു പറയാൻ ഇവിടെ താമസിക്കുന്ന ഓരോവ്യക്തിയും അഭിമാനം പകർന്നുകൊണ്ട് പാലാ ഏവർക്കും പ്രിയപ്പെട്ടതാകുന്നു വികസനത്തിൻെറ പുതിയ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ കുഞ്ഞുനഗരം ഒരു കെടാവിളക്കായി പ്രശോഭിക്കുകതന്നെ ചെയ്യും.



6 കാലങ്ങൾക്കുശേഷം

# ചിന്തിതം !

**അതുൽ സി രാജ്**

"പരിശ്രമം ചെയ്യുകിലെന്തിനെയും
വശത്തിലാക്കാൻ കഴിവുള്ള വണ്ണം
ദീർഘങ്ങളാം കരങ്ങളെ നൽകിയത്രേ
മനുഷ്യനെ പാരിലയച്ചതീശൻ"

കെ.സി. കേശവപിള്ള

"സ്നേഹിക്കപ്പെടുകയും ദരിദ്രനാവുകയുമാണ്
സ്നേഹമെന്തെന്നറിയാത്ത സമ്പന്നനേക്കാൾ
നല്ലത്."

തോമസ് മൂർ

"ശത്രുവിനോട് രമ്യപ്പെടുകയാണ്
അയാളെ അടിമപ്പെടുത്തുന്നതിനേക്കാൾ
ഉത്തമം".

ഫെൽതാം

"നമിക്കിലുയരാം നടുകിൽ തിന്നാം
നൽകുകിൽ നേടിടാം
നമുക്കു നാമേ പണിവതു
നാകം നരകവുമതുപോലെ"

ഉള്ളൂർ (പ്രേമസംഗീതം)

"ചെയ്യാനുള്ളത് ആത്മാർത്ഥമായി ചെയ്യുക.

അതിന്റെ ഫലം എന്തുമാകട്ടെ
എന്തും സംഭവിക്കട്ടെ. ജീവിതത്തിൽ
ധൈര്യമാണ് മുഖ്യ ഘടകം".

ജോൺ എഫ്. കെന്നഡി

വിജയം ആസ്വാദ്യകരമാകണമെങ്കിൽ
പ്രയാസങ്ങൾ ആവശ്യമാണ്.

എ. പി. ജെ അബ്ദുൾ കലാം

ഓരോ വീടും ഓരോ വിദ്യാലയമാണ്
മാതാപിതാക്കൾ അധ്യാപകരും.

മഹാത്മാഗാന്ധി

സ്ഥിരമാത് മാനബന്ധനം സുഖം
പരതന്ത്രം സുഖമൊക്കെ ദുഃഖമാം

കുമാരനാശാൻ

നമ്മുടെ സമൂഹത്തിലെ ബഹുമാന്യരായ
അംഗങ്ങളാണ് അധ്യാപകർ
നാം അവരെ ആദരിക്കണം.

ഇന്ദിരാഗാന്ധി

ഈ ലോകം സ്വപ്നം കാണുന്നതിലേറെ

കാര്യങ്ങൾ  പ്രാർത്ഥനകൊണ്ട്
നേടാനാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
മഹാകവി ജോൺ മിൽട്ടൻ



# സ്നേഹം

എമിറ്റ സജി



എനിക്ക് ജീവൻ തന്ന സ്നേഹം
എന്നെ ജീവിക്കാൻ പഠിപ്പിച്ച
സ്നേഹം
ദുരിതത്തിൽ ആശ്വാസം
പകർന്ന സ്നേഹം
വീഴ്ച്ചയിൽ താങ്ങായി നിന്ന
സ്നേഹം
തെറ്റുകളിൽ നിന്നും
വീണ്ടെടുത്ത സ്നേഹം
നന്മകൾ ചെയ്യാൻ പ്രേരിപ്പിച്ച[7] സ്നേഹം
ഭയത്തിൽ എനിക്ക് ധൈര്യം തന്ന സ്നേഹം
നിരാശയിൽ പ്രത്യാശയായ സ്നേഹം
തോൽവിയിൽ പ്രതീക്ഷ ആയ സ്നേഹം
ഒറ്റപ്പെടലിൽ ചേർത്തു നിർത്തിയ സ്നേഹം
ഏകാന്തതയിൽ സൗഹൃദം നൽകിയ സ്നേഹം
ഇരുട്ടിൽ വെളിച്ചമായ സ്നേഹം
ആ സ്നേഹമാണെന്റെ ദൈവം

7 പ്രോത്സാഹിപ്പിക്കുക


പൂന്തോട്ടത്തിൽ





# വന്നു,കൊണ്ടു പോയി

**വിസ്മയ സുധൻ**

ശൂന്യമായി ഒന്നുമില്ലാതായി
എല്ലാം മണ്ണോടുമണ്ണായി
നിശ്ചലമായ കേരളം
ദൈവത്തിന്റെ സ്വന്തം നാട്
ലോകത്തിൻ വികസന മാതൃകകൾ
മാറ്റേറും നാടിന്റെ ശോഭയും
ഒരു നിമിഷം കൊണ്ടില്ലാതായി
അലറികുതുച്ചെത്തിയ പ്രളയത്തെ
ഒന്നിച്ചു നേരിടാൻ കൈകോർത്തു
നിൽക്കാൻ ഒരു കുടക്കീഴിൽ നിൽക്കാൻ
നമ്മെ പഠിപ്പിച്ചതി പ്രളയം
മിഴിനീരുകൾ പൊഴിയവെ
നിലവിളികൾ ഉയരവെ
കൈത്താങ്ങാവാൻ മിഴിനീർ തുടക്കാൻ
പഠിപ്പച്ചതീ പ്രളയം
ജാതിയും മതവും അതിരുകൾ കെട്ടാത്ത
വേലികൾ പൊട്ടിച്ച്
ചേർന്നു നിൽക്കാൻ
മലയാള മക്കളെയെല്ലാം
പഠിപ്പിച്ചതിന്നീ പ്രളയം

തകരില്ല ചങ്കുറപ്പെന്നു
പറയാനും നേരെ
പൊരുതി ജയിക്കാനും
അവസരം തന്നതിന്നീ പ്രളയം
കാത്തുവെച്ചതെല്ലാം
കവർന്നെങ്കിലും പ്രളയമെ
നിനക്കു തകർക്കാൻ
കഴിയുല്ലൊരിക്കലും
മലയാളി എന്ന എന്റെ അഭിമാനം
അതുമതി ഇന്നു നീ
തച്ചിപ്പറച്ചതെല്ലാം
ഞങ്ങൾക്കു നീണത്തുടും
പണിതുയർത്താൻ
കണ്ണീരൊലിക്കുന്ന ഒരോർമയായി
ലോകചരിത്രത്തിൽ ഇന്നു നീ
ഏങ്കിലും ഒന്നിച്ചുനിൽക്കാനും
എല്ലാം അതിജീവിക്കാനും ഞങ്ങൾക്കു
നീയൊരവസരമായിരുന്നു.

# ചിരിക്കാം ചിന്തിക്കാം

**പാർവതി റെജി**

ഏറ്റവും അപകടകാരിയായ ഗ്രഹം?

അത്യാഗ്രഹം

തൊട്ടുകൂട്ടിയാൽ തീരാത്ത സാധനം?

കാൽകുലേറ്റർ

മനുഷ്യൻ മാത്രം ഉപയോഗിക്കുന്ന മരം?

സമരം

ആരും കയറാൻ ആഗ്രഹിക്കാത്ത അറ?

കല്ലറ

ജയിലുകളിൽ മാത്രം കാണപ്പെടുന്ന മരം?

കഴുമരം

ഓടുന്ന ലെൻസ്?

ആംബുലൻസ്

അളക്കാൻ ഉപയോഗിക്കാത്ത നാഴി?

ഇടനാഴി

വിളിക്കാൻ പറ്റാത്ത കോൾ?

തെർമോകോൾ

കൊമ്പില്ലാത്ത മാൻ?

ഹനുമാൻ

# എൻ സഖി

**നിഖിത മാത്യൂ**

ബാല്യത്തിൻ  മധുരമാം ഓർമ്മകൾഎൻ സഖി
കൂട്ടുരുമായി ഒന്നായി നടന്ന വഴികൾ
അറിയാതെ നനയാതെ നോവായ അനുഭവങ്ങൾ
ഓടിയണയുന്ന വിദ്യാലയം സൗഹൃദം

ഒന്നായ നാളുകളിൽ കണ്ടു കൂട്ടിയ
സ്വപ്നങ്ങൾ ഒന്നിച്ചു പോകാൻ
കൊതിച്ച യാത്രകൾ
വഴക്കിട്ടു പിണങ്ങി ഇരുന്ന നിമിഷങ്ങൾ

ഓർമ്മകൾക്ക് നിറമേകാൻ
സ്നേഹം എന്നുമൊരു കൂട്ടായി
എനിക്കു നീയും നിനക്കു ഞാനും
നമുക്കുനാമുമായ ഓർമ്മകൾ

സ്നേഹത്തോടെ ഉള്ള ഒരു
വിളിയിൽ ഇല്ലാതായ പരിഭവങ്ങൾ
ഇനിയൊരിക്കലും ആ നാളുകൾ
തിരികെവരില്ലെന്നു ഓർക്കുമ്പോൾ
ഉള്ളൊന്നു പിടയ്ക്കും.

ഇണങ്ങാനും പിണങ്ങാനും
പരിഭവങ്ങൾ പറയാനും
നിന്നോട് ചേർന്ന് നടക്കാനും
കൊതിയാവുന്നതൊരോർമ

കൊതിക്കുന്നു ഞാൻ ആ
ദിനങ്ങൾ നിന്നോടൊപ്പം
ഉണ്ടായിരുന്ന നിമിഷങ്ങൾ
ഒരിക്കൽ കൂടി വന്നിരുന്നെങ്കിൽ
തിരിച്ചു വന്നിരുന്നെങ്കിൽ

എന്നെ തഴുകി തലോടി
കടന്നുപോകും  നിൻ ഓർമകളിൽ
ഞാനെന്നും ഏകയായി

# മണ്ണിന്റെ മക്കൾ

## സാന്ദ്രാ സന്തോഷ്

പാരിന്നനുഗ്രഹമായി ജനിച്ചവർ
മണ്ണിന്റെ മക്കളാം കർഷകർ
മണ്ണും ഹൃദയവും എന്നും പൊൻ പ്രഭയിൽ
മിന്നിതിളങ്ങുന്നു ഈ ഭുവിയിൽ
മണ്ണിൽ നറുമണം ചൊരിയുന്നോരോ കൈയ്യും
ഭുവിൻ നിറമിതാ മാറ്റിടുന്നു
പച്ചപ്പുടവയുടുത്തൊരു പെൺകൊടി
പൊന്നിൻ പ്രഭയിതാ നിറച്ചിടുന്നു
അത്ഭുതം: ഇത്രയുംമായകളൊക്കെയും
പാരിലീകർഷകരൊരുക്കിടുന്നു
മാനവർക്കധ്വാന വചനങ്ങളോതുന്ന
കർഷകർ ഭുവിൽവിളങ്ങിടട്ടേ



# ഒരുനാൾ വയനാട്ടിൽ

അശ്വതി കെ.എം

മഞ്ഞിൽ പൊതിഞ്ഞ ഒരു ഡിസംബർ പുലരി.ഞാൻ കണ്ണുകൾ മെല്ലെ തുറന്നു. അന്തരീക്ഷത്തിലെ തണുപ്പ് ആകെ മരവിപ്പിക്കുന്നതുപോലെ തോന്നി.

അന്ന് ഡിസംബർ 21 ആയിരുന്നു.രാവിലെ തന്നെ ഞാൻ അച്ഛനോടും അമ്മയോടും ഒപ്പം വയനാട്ടിലേക്ക് യാത്ര പുറപ്പെട്ടു. ബസ്സിൽ തിരക്ക് അധികമായിരുന്നെങ്കിലും എനിക്കു അരികിൽ തന്നെ സീറ്റു ലഭിച്ചു. പിറക്കോട്ടു കടന്നു പോകുന്ന വൃക്ഷങ്ങളും വയലുകളും വീടുകളുമെല്ലാം എന്റെ കണ്ണുകൾ ഒപ്പിയെടുത്തു. വെയിലിനു കട്ടിയേറി വന്നു. വികസനം അതിന്റെ മൂർദ്ധന്യത്തിൽ എത്തി നിൽക്കുന്ന നഗരങ്ങളും പട്ടണങ്ങളും ഗ്രാമങ്ങൾ വിരളം അപൂർവം[8]!. തിരക്കേറിക്കൊണ്ടിരുന്ന നഗരവീഥികൾ.

ആവർത്തന വിരസതയിൽ മനസ്സുംകണ്ണും മടുത്തു. നിദ്ര എന്റെ കണ്ണുകളെ തഴുകിതുടങ്ങി. വൈകുന്നേരമായപ്പോഴേക്കും ബസ്സ് മലഅടിവാരത്തിൽ എത്തി. അല്പസമയത്തിനകം ബസ്സ് ചുരം കയറാൻ തുടങ്ങി. അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന കോൺക്രീറ്റ്കെട്ടിടങ്ങൾക്കു

8 വിരളമായി

പകരം പ്രത്യക്ഷംആയികൊണ്ടിരിക്കുന്ന വൻമരങ്ങൾ കണ്ണിനും മനസ്സിനും കുളിർമയേകി.ഇടതിങ്ങിനിൽക്കുന്ന വൻമരങ്ങളും കോടമഞ്ഞണിഞ്ഞു കിടക്കുന്ന മലകളും എന്റെ മനസ്സിന് ആനന്ദം പകർന്നു നൽകി.

ബസ്സ് ചുരം കയറികഴിഞ്ഞപ്പോഴേക്കും പ്രകൃതി സന്ധ്യയുടെമുഖവാരമണിഞ്ഞു കഴിഞ്ഞിരുന്നു. സായം സന്ധ്യയുടെ സ്വച്ഛതയിൽ വിഹരിക്കുന്ന ഗ്രാമങ്ങളും ചെറുപട്ടണങ്ങളും എന്റെ കണ്ണുകളിൽ നിന്നു മായുവാൻ തുടങ്ങി. രാത്രിഅതിന്റെഎല്ലാഭാവഭേദങ്ങളോടുകൂടികടന്നുവന്നപ്പോഴേ ക്കും ബസ്സ് അവിടെ ബത്തേരിയിൽ എത്തികഴിഞ്ഞിരുന്നു. അവിടെ നിന്നും അടുത്ത ബസ്സിൽ കയറി.ആ സമയം ദുനിലാവ് തൂകി കൊണ്ട് ചന്ദ്രനും നക്ഷത്രങ്ങളും ആകാശത്ത് സ്ഥാനം പിടിച്ചു കഴിഞ്ഞിരുന്നു.

പിറ്റേദിവസം നന്നേ വെളുപ്പിനു തന്നെ ഉണർന്നു. പത്തുമണിആണ് കാട്ടു സന്ദർശന സമയം . എട്ടു മണിക്ക് വണ്ടിയിൽ കയറി മുത്തങ്ങാവനം കാണാനുള്ള യാത്ര തിരിച്ചു. സർക്കാർ നമ്പർ അടായളപ്പെടുത്തിയ വൃക്ഷങ്ങൾപ്രത്യക്ഷപ്പെട്ടു. ഇടയ്ക്കിടെ കാണുന്ന മുളങ്കാട്. വണ്ടി വളരെ സാവധാനത്തിലാണ് നീങ്ങിയത്. വണ്ടി പരന്ന ഒരു പുൽമേടിനു മുൻപിൽ നിന്നു. കാട്ടിനുള്ളിലൂടെനടക്കുമ്പോൾ കിളികളുടെ ചൂളം വിളികളും കേൾക്കാം. ഇടയ്ക്കിടെ കാട്ടുവള്ളികളിൽനിന്നു പൊഴിയുന്ന പൂക്കളുടെ അഭിവാദനം പ്രകൃതിയുടെ രസം നുകർന്നു ഞങ്ങൾ

മെല്ലെ നീങ്ങി. കാട്ടുവഴിയിലൂടെ നടക്കുമ്പോൾ അൽപം ഭയം തോന്നാതിരുന്നില്ല.എന്നാലും കാടിന്റെ ശാന്തത അതിനെ ആറിതണുപ്പിച്ചു  നേരം ഉച്ചയോടടുത്തു. ഇലകൾക്കിടയിലൂടെ അരിച്ച്ഇറങ്ങുന്ന സൂര്യരശ്മികൾക്ക് ചൂട് കൂടി. പഴയ പുൽമേട്ടിലിരുന്നു തന്നെ ഉച്ചഭക്ഷണം
കഴിച്ചു.തിരികെ കാറിൽ കയറി വീട്ടിലേക്കു മടങ്ങുമ്പോൾ വെയിലാറിതുടങ്ങി.കാവൽ നിൽക്കുന്ന വഴിത്താര, നഗരത്തിരക്കുകളിൽ നിന്നും സ്വസ്ഥമായി നിൽക്കുന്ന ഗ്രാമങ്ങളെ പിന്നിട്ട് വണ്ടി വീട്ടിൽ എത്തി ചേർന്നു. അപ്പോഴും എന്റെകണ്ണുകളിൽ ആ യാത്ര തെളിമയോടെ നിലനിന്നിരുന്നു.

# ആയുർവേദം

ജോയൽ ജോർജ്ജ്

ആയുസ്സിനെ പരിപാലികകുന്നതിനാവശ്യമായ അറിവുകൾ നൽകുന്ന ശാസ്ത്രശാഖയാണ് ആയുർവേദം.മനസ്സ്, ശരീരം, ആത്മാവ്, എന്നീ മൂന്ന ഘടകങ്ങളും യൊജിച്ച പ്രവർത്തനമാണ് ആരോഗ്യത്തെ നൽകുന്നത്. ആയുർവേദ ശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് ശിവനാണെന്നും ബ്രഹ്മാവാമെന്നും രണ്ട് അഭിപ്രായമുണ്ട്.ഇന്ദ്രനിൽ നിന്ന പുനർവസു, ധന്വന്തരി, ഭരദ്വാജൻ, എന്നിവർ ആയുർവേദം പഠിച്ചതായും ഇവർ അഗ്നിവേശൻ, ഹാരീതൻ തുടങ്ങിയവരെ അഭ്യഭിച്ചതായും പറയെപ്പെടുന്നു. ചരകനും സുശ്രുതനും ഈ പരമ്പരയിലെ ആചാര്യൻമാരാണ്.ലഭ്യമായവയിൽ ഏറ്റവും പഴക്കം ചെന്ന ആയുർവേദഗ്രന്ഥം 'ചരകം' ആണ്.

ധന്വന്തരിയുടെ ശിഷ്യനായ സുശ്രുതൻ രചിച്ച ഗ്രന്ഥമാണ് 'സുശ്രുതസംഹിത '. ഈഗ്രന്ഥത്തെ നാഗാർജ്ജനൻ പരിഷ്ക്കരിച്ചതായി പറയപ്പെടുന്നു.വാഗ്ഭടാചാര്യൻ കേരളത്തിൽ താമസിച്ചിരുന്ന കാലത്ത് രചിച്ച കൃതിയാണ് 'അഷ്ടാംഗഹൃദയം 'എന്നു വിശ്വസിച്ചു വരുന്നു. കേരളത്തിലെ അഷ്ടവൈദ്യൻമാർ വാഗ്ഭട പരമ്പരയിൽ പെട്ടവരാണെന്ന് കരുതപ്പെടുന്നു.

ചികിത്സശാസ്ത്രമെന്നനിലയിൽ വളരെ വ്യത്യസ്തമായ ഒരു പാരമ്പര്യമാണ് ആയുർവേദത്തിനുള്ളത്.




കായികദിനം





# എന്റെ മാവ്

ദേവപ്രിയ ബി. നായർ

കുഞ്ഞുനാളിൽ ഞാനൊരു മാവു നട്ടു
മാവ് വളർന്നു വളർന്നു വന്നു
തേനൂറും മാമ്പഴം ഞാൻ നുകർന്നു
ഹാ! തേനൂറും മാമ്ബഴം ഞാൻ നുകർന്നു
മാമ്പഴം നുകർന്നപ്പോൾ എന്റെ ഉള്ളിൽ
മധുര വസന്തം പൊന്തി വന്നു
മാവിൻ കൊമ്പിൽ ഊഞ്ഞാലാടിയും
ഓടി കളിച്ചും ഞാൻ വളർന്നു
ഇനിയും ഒരു മാമ്പഴകാലത്തിനായി
വീണ്ടും ഞാൻ കാത്തിരിക്കും.

# മുട്ടന്റെ ഇടി

സുദേവ് രാജ്



മുട്ടൻ മുട്ടനാട് വലിയ ഇടിക്കാരൻ ആയിരുന്നു.അവന്റെ മുൻപിൽ പെട്ടാൽ ആർക്കും ഇടി ഉറപ്പ് !. ഒരു നാൾ കിട്ടു മുയൽ ക്യാരറ്റു മായി വരികയായിരുന്നു.അതാതൊട്ടു മുൻപിൽ മുട്ടൻ ! കിട്ടു പേടിച്ചോടി.

'മുട്ടനെ ഒരു പാഠം പഠിപ്പിക്കണം' കിട്ടു കരുതി. അവൻ തന്റെ കൂട്ടുകാരനായ മുള്ളപ്പനെ ചെന്നു കണ്ടു .മുള്ളപ്പൻ ഒരു മുള്ളൻ പന്നിയാണ്. ഒരു ദിവസം മുട്ടൻ വരുന്ന നേരം ,അതാ വഴിയിൽ കിട്ടു മുയൽ! മുട്ടൻ പിന്നൊന്നും നോക്കിയില്ല അവൻ ഒറ്റയിടി! 'ഢും' പിന്നെ കേട്ടത് വലിയ കരച്ചിലാണ് .

കിട്ടു മുയൽ എന്നു കരുതി മുട്ടൻ എന്നു കരുതി മുട്ടൻ ഇടിച്ചത് മുള്ളപ്പനെയാണ് . അവൻ കിട്ടു മുയലിന്റെ മുഖം മൂടിയും വച്ച് ഇരിക്കുകയായിരുന്നു. മുട്ടന്റെ ശരീരത്തിൽ മുള്ളപ്പന്റെ മുള്ളുകൾ തറച്ചു കയറി. അതോടെ മുട്ടൻ ഒരു പാഠം പഠിച്ചു.




ക്രിസ്മസ് ആഘോഷം



# നന്ദിയുടെ ഒരു വാക്ക്

സെന്റ്.മൈക്കിൾസ് എച്ച്.എസ്.എസ് പ്രവിത്താനം യാത്ര തുടരുകയാണ്.

ഒത്തിരി ഉയരങ്ങളിലേക്ക്

വിജയത്തിന്റെ തുറന്ന ആകാശത്തിലേക്ക്

ഈ അവസരത്തിൽ എന്നും എപ്പോഴും തളരാൻ അനുവദിക്കാതെ പതറാതെ താങ്ങി നിർത്തി പ്രജോദനം നൽകി ഇന്നിന്റെ ഉയരങ്ങളിലേക്ക് ഈ സ്ഥാപനത്തെ നയിച്ച റവ.ഫാ.സെബാസ്റ്റ്യൻ പടിക്കക്കൊഴപ്പിൽ ,വാത്സല്യ നിധിയായ ടീസ്സ ടീച്ചർ, സ്നേഹംനിറഞ്ഞ അധ്യാപകർ, പ്രോത്സാഹനം നൽകുന്ന പി.റ്റി.എ , നല്ലവരായ നാട്ടുകാർ ,വളർച്ചയുടെ പുതിയ ആകാശത്തിലേക്ക് പറന്നുയരാൻ കൊതിക്കുന്ന വിദ്യാർത്ഥികൾ തുടങ്ങിയ എല്ലാവരോടും ഉള്ള നന്ദിയും സ്നേഹവും പറഞ്ഞറിയിക്കാവുന്നതല്ല.

ചമയങ്ങളും ചായങ്ങളും അണിഞ്ഞ്

അണിയറയിൽ നിന്ന് അരങ്ങത്തേക്ക് നിങ്ങളിലേക്ക്" **ഇൻഫോ'19** എത്തുകയാണ്.

ഇതിലെ ഓരോ വാക്കുകൾക്കും പൂർണത നൽകിയത് ഇതിനു

പിന്നിൽ പ്രവർത്തിച്ച പ്രിയ അധ്യാപകരും ലിറ്റിൽ
കൈറ്റ്സിലെ കൂട്ടുകാരും ഞങ്ങളുടെ
പ്രിയ സഹപാഠികളുമാണ്. കൈത്താങ്ങായി കൂടെ നിന്നവർക്കും
മാർഗനിർദ്ദേശം
തന്നവർക്കും ഒരിക്കൽക്കൂടി ഹൃദയത്തിന്റെ കോണിൽ
നിന്നുയരുന്ന സ്നേഹത്തിൽ
പൊതിഞ്ഞ ഒരായിരം

നന്ദി.....നന്ദി.......നന്ദി.................

**പദശേഖരം**


ഭരദ്വാജൻ,....................................................................................................................40
.ഇന്ദ്രനിൽ.....................................................................................................................40
അഷ്ടവൈദ്യൻമാർ.........................................................................................................40
ഓസോൺ പാളി..............................................................................................................21
ധന്വന്തരി,......................................................................................................................40
നിർവ്വാഹകത്വം..............................................................................................................24
പുനർവസു.....................................................................................................................40
മൂർദ്ധന്യത്തിൽ..............................................................................................................37
സൂര്യരശ്മികൾക്ക്..........................................................................................................39